**File No.SJD/128/2020-C2**

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി :25/01/2020
Email - swdkerala@gmail.com
Phone - 0471 - 2306040

**<u>വിജ്ഞാപനം</u>**

ലിംഗമാറ്റ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് പരമാവധി രണ്ട് ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് നിലവിൽ നടപ്പാക്കി വരുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരായ ട്രാൻസ്ജെൻഡർ വിഭാഗക്കാർക്ക് ശസ്ത്രക്രിയയ്ക്കാവശ്യമായ ഭീമമായ തുക കണ്ടെത്താൻ കഴിയാതെ വരുന്ന സാഹചര്യം നിലവിലുള്ളതിനാൽ കേരളത്തിൽ നിലവിൽ ലിംഗമാറ്റ ശസ്ത്രക്രിയ ചെയ്തുവരുന്നതും ഈ രംഗത്ത് പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ളതുമായ വിവിധ സർക്കാർ/ സർക്കാർ ഇതര ഹോസ്പിറ്റലുകളെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ലിംഗമാറ്റ ശസ്ത്രക്രിയ ചെയ്യുന്നതിനുവേണ്ടി എംപാനൽ ചെയ്യുന്നതിന് സാമൂഹ്യനീതി വകുപ്പ് തീരുമാനിച്ചിരിക്കുന്നു. ആയതിലേയ്ക്ക് താൽപ്പര്യമുള്ള ആശുപത്രി മാനേജ് മെന്റുകളിൽ നിന്നും വിശദമായ പ്രൊപ്പോസലുകൾ ക്ഷണിക്കുന്നു. താൽപ്പര്യമുള്ള ഹോസ്പിറ്റൽ മാനേജ് മെന്റുകൾ 2020 ഫെബ്രുവരി 10 നകം വിശദാംശങ്ങൾ സഹിതം പ്രൊപ്പോസലുകൾ സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസുകളിലോ, സാമൂഹ്യനീതി ഡയറക്ടറേറ്റ്, 5-ാം നില, വികാസ് ഭവൻ, തിരുവനന്തപുരം (Ph. 0471-2306040) എന്ന വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.

**സാമൂഹ്യനീതി ഡയറക്ടർ**ക്കുവേണ്ടി